"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - നഴ്സിംഗ് ഓഫീസറായി നിയമനം നേടിയ ശ്രീമതി.ചിത്ര കെ.ബി-യുടെ പ്രവേശനകാലം അധികരിച്ച ശേഷം സേവനത്തിൽ പ്രവേശിപ്പിച്ച മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2690/2024/H&FWD തീയതി,തിരുവനന്തപുരം, 08-11-2024

പരാമർശം:- 1. സ.ഉ (അ) നം.15/2020/ഉ.ഭ.പ.വ തീയതി 28.10.2020.

2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 22.04.2024 തീയതിയിലെ ജെ.4/943/2024/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കേരള പി.എസ്.സി-യുടെ 110/2023 RIE(1) 1126/23/GW നമ്പർ നിയമന ശിപാർശ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നഴ്സിംഗ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.ചിത്ര.കെ.ബി-യ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ Order No.J2/2288/2023/DME തീയതി 07-01-2024 പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിയമനോത്തരവ് നൽകിയിരുന്നു.

2. എന്നാൽ ശ്രീമതി.ചിത്ര കെ.ബി തൃശ്ശൂർ ഗവ. നഴ്സിംഗ് കോളേജിൽ എം.എസ്.സി നഴ്സിംഗ് വിദ്യാർത്ഥിനി ആയതിനാൽ ടിയാരി പഠനം പൂർത്തിയാക്കുന്നതിനായി 13/12/2024 വരെ പ്രവേശനകാലം ദീർഘിപ്പിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പഠനം പൂർത്തിയാക്കുന്നതിനായി 45 ദിവസത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ട അപേക്ഷകയുടെ ആവശ്യം സമയബന്ധിതമായി നിരസിക്കുകയും സേവനത്തിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നില്ല. ഓർഡർ നം.ജി.എം.സി.റ്റി.സി.ആർ/1365/2019-ഇ3 തീയതി 26.02.2024 പ്രകാരം ടിയാളെ സേവനത്തിൽ പ്രവേശിപ്പിച്ചുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഉത്തരവ് നൽകി. പ്രസ്തുത സാഹചര്യത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം കഴിഞ്ഞുപോയ ടിയാരിയെ സർവീസിൽ പ്രവേശിപ്പിച്ച നടപടി സാധുകരിച്ച് നൽകണമെന്നു മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 3-ന്റെ ഉപഖണ്ഡിക (iii) പ്രകാരം വിദ്യാഭ്യാസ കോഴ്സ് പൂർത്തിയാക്കുവാൻ നിയമന ഉത്തരവ് തീയതി മുതൽ ആറുമാസത്തിലധികം (180 ദിവസത്തിലധികം) സമയം വേണ്ടി വരുന്ന ഉദ്യോഗാർത്ഥികൾക്ക് പരമാവധി 45 ദിവസം വരെ പ്രവേശനസമയം നിയമനാധികാരികൾക്ക് ദീർഘിപ്പിച്ചു നൽകാവുന്നതും, പിന്നീട് ജോലിയിൽ പ്രവേശിച്ച ശേഷം KSRs ഒന്നാം ഭാഗം അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ച് കോഴ്സ്/ ട്രെയിനിംഗ് പൂർത്തിയാക്കുന്നതിനുമാണ് വ്യവസ്ഥ

ചെയ്തിട്ടുള്ളത്. 45 ദിവസത്തിൽ കൂടുതൽ സമയം ആവശ്യപ്പെട്ട അപേക്ഷകയുടെ ആവശ്യം സമയബന്ധിതമായി നിരസിക്കുകയും സേവനത്തിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നില്ല. പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിലെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

4. പരോക്ഷമായി പ്രവേശനകാലയളവ് ദീർഘിപ്പിച്ച് നൽകിയത് ചെറിയ കാലയളവിലേയ്ക്കാണ് എന്നത് കണക്കിലെടുത്ത് ശ്രീമതി ചിത്ര കെ.ബി-യെ പ്രവേശനകാലം അധികരിച്ച ശേഷം സേവനത്തിൽ പ്രവേശിപ്പിച്ച ഓർഡർ നം.ജി.എം.സി.റ്റി.സി.ആർ/1365/2019-ഇ3 തീയതി 26.02.2024 പ്രകാരമുള്ള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.ചിത്ര കെ.ബി, നഴ്സിംഗ് ഓഫീസർ, സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 11-11-2024 13:17:04
സെക്ഷൻ ഓഫീസർ